# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.04.2026**

## പ്രധാനവാർത്തകൾ

1. മൂന്നു ദിവസത്തെ പ്രത്യേക പാർലമെൻറ് സമ്മേളനത്തിന് തുടക്കമായി. വനിതാ സംവരണ, ഡിലിമിറ്റേഷൻ ബില്ലുകൾ പാർലമെൻറിൽ.
2. എസ്എസ്എൽസി പരീക്ഷാ മൂല്യനിർണയത്തിന് ഇന്ന് തുടക്കം. മൂല്യനിർണയം മൂന്ന് ഘട്ടങ്ങളിൽ.
3. സംസ്ഥാനത്ത് പകൽ താപനില ഉയരുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചികയുടെ പശ്ചാത്തലത്തിൽ ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
4. കണ്ണൂർ ഡെൻറൽ കോളേജ് വിദ്യാർത്ഥി നിതിൻരാജിൻറെ മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ സർവകലാശാല അധികൃതർ ഇന്നും നാളെയും കോളേജിൽ നേരിട്ടെത്തി തെളിവെടുപ്പ് നടത്തും.
5. പശ്ചിമേഷ്യൻ സംഘർഷം തുടരുന്നു. ഇറാനിയൻ തുറമുഖങ്ങളിൽ നാവിക ഉപരോധം കർശനമാക്കി അമേരിക്ക.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്- പഞ്ചാബ് കിംഗ്സ് പോരാട്ടം.

RNUTVPM

## പാർലമെൻറ്

പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് തുടക്കമായി. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ലക്ഷ്യമിട്ട് 2023-ൽ പാസാക്കിയ നിയമം ഭേദഗതികളോടെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടാണ് സമ്മേളനം. ഇതിനായി സർക്കാർ മൂന്ന് ഭേദഗതി ബില്ലുകൾ അവതരിപ്പിക്കും. ഭരണഘടന (131-ാം ഭേദഗതി) ബിൽ 2026, കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ (ഭേദഗതി) ബിൽ 2026, ഡീലിമിറ്റേഷൻ ബിൽ, 2026 എന്നിവയാണ് അവതരിപ്പിക്കുക. ഭരണഘടന (131-ാം ഭേദഗതി) ബിൽ അവതരണത്തിന് ലോക്സഭ അനുമതി നൽകി. 207 എംപികൾ അനുകൂലിച്ചും 126 എംപിമാർ എതിർത്തും വോട്ട് ചെയ്തു. വിഖ്യാത ഗായിക ആശാ ഭോസ്ലേയ്ക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു കൊണ്ടാണ് ഇന്ന് ലോക്സഭയിൽ നടപടികളിൽ ആരംഭിച്ചത്. വനിതാ സംവരണ ഭേദഗതി ബിൽ അവതരണത്തിലേക്ക് കടന്നപ്പോൾ കോൺഗ്രസ് അംഗം കെ സി വേണുഗോപാൽ നീക്കത്തെ എതിർത്തു. രാജ്യത്തിന്റെ ഫെഡറൽ ഘടനയെ ഈ ബില്ലുകൾ ദുർബലപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു. ബിൽ അവതരിപ്പിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ മാത്രമേ ശ്രീ കെ സി വേണുഗോപാലിന് ഉന്നയിക്കാൻ സാധിക്കൂ എന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മറുപടി നൽകി.

RIJU TVPM

ബില്ലിന്മേലുള്ള ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം മറുപറി പറയും. അതേസമയം, രാജ്യസഭയിൽ ബി ജെ പി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഉൾപ്പെടെ പത്തോളം അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## തിരഞ്ഞെടുപ്പ് പ്രചാരണം

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ബിജെപി നേതാവും അസം മുഖ്യമന്ത്രിയുമായ ഹിമന്ദ ബിശ്വ ശർമ്മ ഇന്ന് പശ്ചിമബംഗാളിൽ പ്രചാരണത്തിൽ പങ്കെടുക്കും. ത്രിണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമതാ ബാനർജിയും തിരഞ്ഞെപ്പ് പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്നലെ തമിഴ്നാട്ടിലെ നാഗർകോവിലിൽ റോഡ് ഷോയിൽ പങ്കെടുത്തു. തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ നേതാവുമായ എം.കെ. സ്റ്റാലിൻ സേലം ജില്ലയിലാണ് പ്രചാരണം നടത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്എസ്എൽസി-കേരളം

RNU TVPM

എസ്എസ്എൽസി പരീക്ഷാ മൂല്യനിർണയത്തിന് തുടക്കമായി. മൂന്ന് ഘട്ടമായാണ് മൂല്യനിർണയം. ആദ്യഘട്ടം മറ്റന്നാൾ വരെയും രണ്ടാംഘട്ടം ഈ മാസം 20 മുതൽ 25 വരെയും മൂന്നാം ഘട്ടം ഈ മാസം 27 മുതൽ മേയ് രണ്ട് വരെയുമാണ് നടക്കുന്നത്.

## വി ശിവൻകുട്ടി

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വേനലവധിക്കാലത്ത് സ്പെഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് മന്ത്രി വി. ശിവൻകുട്ടി. ചട്ടവിരുദ്ധമായി ക്ലാസുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കഠിനമായ ചൂടിൽ സ്കൂളുകളിലെ പഠന അന്തരീക്ഷം കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് പുറമെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങി എല്ലാ വിദ്യാലയങ്ങളും നിർദ്ദേശം പാലിക്കാൻ ബാധ്യസ്ഥരാണെന്നും മന്ത്രി അറിയിച്ചു.

RNU TVPM

## കാലാവസ്ഥ-ചൂട്

കേരളത്തിൽ പകൽ താപനില ഉയരുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചിക റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ

കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ ജില്ലയിലെ രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്ന പ്രദേശങ്ങളെ പഠന വിധേയമാക്കാൻ

വാട്ടർ വളണ്ടിയർ സേന രംഗത്തിറങ്ങുന്നു .

ജലക്ഷാമത്തിലേക്ക് നയിച്ച കാരണങ്ങൾ കണ്ടെത്താൻ ലക്ഷ്യമിട്ടാണ് പഠനം.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.....***

***(വോയിസ്)***

**ഇടുക്കി (ഇൻട്രോ)**

സംസ്ഥാനത്ത് പകൽ ചൂട് വർദ്ധിക്കുന്നത് ഹൈറേഞ്ചിലെ കാർഷിക മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കുന്നു. ഏതാനും ദിവസങ്ങളിൽ വേനൽ മഴ ലഭിച്ചെങ്കിലും ഉയർന്ന അന്തരീക്ഷ താപനില തുടർന്നാൽ ഏലം ഉൾപ്പെടെയുള്ള

RNU TVPM

നാണ്യവിളകളുടെ ഉത്പാദനത്തെ ഇത് സാരമായി ബാധിച്ചേക്കും.

*വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**നിതിൻരാജ്- തെളിവെടുപ്പ്**

കണ്ണൂർ അഞ്ചരക്കണ്ടി ഡെൻറൽ കോളേജ് വിദ്യാർത്ഥി നിതിൻരാജിൻറെ മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ സർവകലാശാല അധികൃതർ ഇന്നും നാളെയും കോളേജിൽ നേരിട്ടെത്തി തെളിവെടുപ്പ് നടത്തും. അതേസമയം വിദ്യാർഥിയുടെ മരണത്തിന് ഉത്തരവാദികളായവർക്കു നേരേ നരഹത്യയ്ക്ക് കേസെടുക്കണമെന്ന് ആദിവാസി- ദളിത് മുന്നേറ്റ സമിതി, അംബേദ്കർ ഡെമോക്രാറ്റിക് ഫ്രണ്ട് സംഘടനകൾ ആവശ്യപ്പെട്ടു. ശനിയാഴ്ച കോളേജിലേക്ക് മാർച്ച് നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ

PNUTVPM

റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 26-ന്. പരിപാടിയുടെ 133-ാാം പതിപ്പാണിത്. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴി ഓൺലൈനായോ ജനങ്ങൾക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

**പശ്ചിമേഷ്യ**

പശ്ചിമേഷ്യനൻ സംഘർഷം തുടരുന്നു. ഇറാനിയൻ തുറമുഖങ്ങളിൽ അമേരിക്ക നാവിക ഉപരോധം കർശനമാക്കി. തെക്കൻ ലെബനനിൽ ഇസ്രായേൽ സൈനിക നീക്കം തുടരുകയാണ്. അതേസമയം ഇറാനുമായുള്ള യുദ്ധം അവസാനിക്കാറായെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അറിയിച്ചു.

RIJU TVPM

**നെതന്യാഹു**

ഇറാനുമായുള്ള സംഘർഷത്തിൽ ഇസ്രായേലിനും യുഎസിനും ഒറ്റലക്ഷ്യമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. സംഘർഷം എങ്ങനെ അവസാനിക്കും എന്നത് അനിർവ്വചനീയമാണെന്നും ഏത്

സാഹചര്യത്തെയും നേരിടാൻ ഇസ്രായേൽ എല്ലായ്പ്പോഴും തയ്യാറാണെന്നും നെതന്യാഹു പ്രസ്താവനയിൽ അറിയിച്ചു.

അതേസമയം ആണവ സമ്പുഷ്ടീകരണ അവകാശങ്ങളിൽ വിട്ടുവീഴ്ച ചെയ്യില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് ഇസ്മായേൽ ബഖായ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**എയർ ഇന്ത്യ എക്സ്പ്രസ്**

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക് ഈ മാസം 30 വരെ എയർ ഇന്ത്യ എക്സ്പ്രസ് പ്രത്യേക സർവീസുകൾ നടത്തും. മസ്കറ്റ്, ഷാർജ, ജിദ്ദ, റിയാദ് എന്നിവിടങ്ങളിലേക്കാണ് സർവീസുകൾ.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**കൊല്ലം പൂരം(ഇൻട്രോ)**

കൊല്ലം നഗരം പൂരാവേശത്തിലേക്ക്. കൊല്ലം പൂരവും കുടമാറ്റവും ഇന്ന് വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് പഞ്ചാബ് കിംഗ്സിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകുന്നേരം 7:30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ലഖ്നൗ സൂപ്പർ ജയന്റ്സിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

❋❋❋❋❋❋❋❋❋❋❋❋❋

## തീപിടിത്തം

ഇടുക്കി മൂന്നാർ പഞ്ചായത്തിൻറെ മാലിന്യ പ്ലാൻറിൽ തീപിടിത്തം. നല്ലതണ്ണി കല്ലാറിലുള്ള മൂന്നാർ പഞ്ചായത്തിൻറെ മാലിന്യ പരിപാലന പ്ലാൻറിലാണ് ഇന്നലെ വൈകുന്നേരത്തോടെ തീപിടിത്തമുണ്ടായത്. സോളാർ സംവിധാനത്തിൻറെ ബാറ്ററി പൊട്ടിത്തെറിച്ചതാണ് അപകട കാരണമെന്നാണ് പ്രാഥമിക വിവരം. തീ രാത്രിയോടെ നിയന്ത്രണ വിധേയമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

## പാലക്കാട് - മരണം

RNU TVPM

വിഷുവിന് പടക്കം പൊട്ടിക്കുന്നതിനിടയിൽ കയ്യിലിരുന്ന് ഗുണ്ട് പൊട്ടി യുവാവ് മരിച്ചു. പാലക്കാട് ശ്രീകൃഷ്ണപുരം രാഗം കോർണറിലെ വെള്ളപ്പാംതൊടി ദിലീപ് ആണ് മരിച്ചത്.

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 228 പോയിൻറ് താഴ്ന്ന് 77,883 ലും നിഫ്റ്റി 67 പോയിൻറ് നഷ്ടത്തിൽ 24,164 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില വർധിച്ചു. ഗ്രാമിന് 20 രൂപ വർധിച്ച് 14,260 രൂപയും പവന് 160 രൂപ ഉയർന്ന് ഒരു ലക്ഷത്തി 14,080 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

## സെൻസസ് 2027

വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും

2027 ലെ സെൻസസിൻറെ ആദ്യ ഘട്ട ഫീൽഡ് പ്രവർത്തനങ്ങൾ ആരംഭിച്ചു. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഗോവ, കർണാടക, ലക്ഷദ്വീപ്, ഉൾപ്പെടെയുള്ള ഇടങ്ങളിൽ വീട് പട്ടികപ്പെടുത്തലിനും ഭവന സെൻസസിനും ഇന്ന് തുടക്കമായി. സെൻസസിന്റെ ആദ്യ ഘട്ടത്തിൽ

രാജ്യത്ത് ഇതുവരെ അഞ്ച് ലക്ഷത്തി 72 ആയിരത്തിലധികം കുടുംബങ്ങൾ 'സെൽഫ് എന്യൂമെറേഷൻ സൗകര്യം പ്രയോജനപ്പെടുത്തി.

## കുർണൂൽ ആക്സിഡൻറ്

ആന്ധ്രാപ്രദേശിലെ കുർണൂലിൽ ഇന്ന് പുലർച്ചെയുണ്ടായ വാഹനാപകടത്തിൽ എട്ട് തീർത്ഥാടകർ കൊല്ലപ്പെട്ടു. ചിലകലാഡോണ ഗ്രാമത്തിന് സമീപമായിരുന്നു അപകടം. ഇവർ സഞ്ചരിച്ചിരുന്ന വാഹനം ടാങ്കറുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെ എന്നവർ സമൂഹമാധ്യമത്തിൽ കുറിച്ചു. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ടപരിഹാരം പ്രഖ്യാപിച്ചു.

RIJUTVPM

RNU TVPM